# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(25)/600/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/05/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3) അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
4)കാര്യാലയ പകർപ്പ്

നമ്പർ: KSA.PKD(25)/600/22 തീയ്യതി: 18/05/2022

## പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2019 മുതൽ 13-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡപ്യൂട്ടി ഡയറക്ടർ | 14-02-2022 | 19-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-02-2022 | 19-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ .ടി.കെ -ഓഡിറ്റ് ഓഫീസർ
ശ്രീ.രാമകൃഷ്ണൻ.കെ.പി -അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവപ്രസാദ് .എം -അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഗീത.കെ -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷേളി.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സി.എച്ച്.ഹമീദ് കുട്ടി ആശാൻ | സെക്രട്ടറി | 01-04-2019 | 13-08-2019 |
| ശ്രീമതി.ധന്യ.എസ് | സെക്രട്ടറി | 14-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രദീപ് കുമാർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.മൈനാവതി.കെ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി.രമ.ആർ | സി.ഡി.പി.ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി.മേരി വിജയ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 18-06-2019 |
| ശ്രീമതി.നീന കെ മേനോൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 19-06-2019 | 31-03-2020 |
| ശ്രീ.സുന്ദരൻ.കെ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.അനൂപ്.പി.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 28-11-2019 |
| ശ്രീ.റെമീസ് പി മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-11-2019 | 31-03-2020 |
| ശ്രീ.ബാലകൃഷ്ണൻ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-1 |
| 2 | ബജറ്റ് -യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-1-2 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-2 |
| 4 | വാർഷിക കണക്ക് -അപാകതകൾ<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-4 |
| 7 | ഫണ്ട് വിനിയോഗം -2.30 കോടി ലാപ്സായി<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-5 |
| 9 | പദ്ധതി അവലോകനം-മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-5-1 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Naseer (Audit Officer, On 14-02-2022)<br>Last Updated By: Geetha K (Auditor, On 14-02-2022) | 1-6 |
| 11 | ക്യഷ് വേരിഫിക്കേഷൻ<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Geetha K (Auditor, On 14-02-2022) | 1-7 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-9 |
| 14 | ഭിന്നശേഷി സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം-മുഴുവൻ തുകക്കുമുള്ള ധനവിനിയോഗ സാകഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-10 |
| 15 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ബ്ലോക്ക് പഞ്ചായത്ത് വിഹിതം -തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 25-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-11 |
| 16 | പാലക്കുഴി ജലവൈദ്യുത പദ്ധതി – ഷെയർ സർട്ടിഫിക്കറ്റ് ലാഭവിഹിതം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-12 |

| | | |
|---|---|---|
| | Written By: M.sivaprasad (Asst. Audit Officer, On 25-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | |
| 17 | ഡെപ്പോസിറ്റ് തുകകൾ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 25-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-13 |
| 18 | ലൈഫ് മിഷൻ പദ്ധതി-തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 25-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-14 |
| 19 | ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ -ബ്ലോക്ക് വിഹിതം നൽകൽ (SCP) - വിനിയോഗവിവരം ലഭ്യമാക്കിയില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 25-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-15 |
| 20 | വയോജനപാർക്കിൽ അടിസ്ഥാനസൗകര്യമൊരുക്കൽ-സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 25-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-16 |
| 21 | ചേരാകുളങ്ങര അമ്പലം പരിസരം സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 26-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-17 |
| 22 | പദ്ധതി നിർവ്വഹണം മോണിറ്ററിംഗ്-ചെലവ് രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു<br>Written By: M.sivaprasad (Asst. Audit Officer, On 26-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-18 |
| 23 | മരാമത്ത് -റീടെൻഷൻ തിരികെ നൽകൽ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 26-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-19 |
| 24 | കുടിവെള്ള പദ്ധതികൾ -പൂർത്തീകരിച്ചവ പഞ്ചായത്തുകൾക്ക് രേഖാമൂലം കൈമാറിയിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 23-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-20 |
| 25 | ബ്ലോക്ക് മീറ്റിംഗ് ഹാളിൽ ഏ.സി,പ്രോജക്ടർ എന്നിവ സ്ഥാപിക്കൽ - പ്രോക്യൂർമെന്റ് മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 23-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-21 |
| 26 | മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻഈടാക്കിയില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-22 |
| 27 | മരാമത്ത് പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-23 |
| 28 | രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 26-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-24 |
| 29 | അതിജീവനം-വയോജനക്ഷേമം ആരോഗ്യപദ്ധതി -രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 26-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-25 |
| 30 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ- പദ്ധതി മാർഗ്ഗ | 1-26 |

| | | |
|---|---|---|
| | നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | |
| 31 | "സർഗ്ഗം"കോട്ടായി പ്രീ മെട്രിക ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് സംഗീത പരിശീലനം- മാർഗരേഖയ്ക്ക് വിരുദ്ധം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-27 |
| 32 | പെൺകുട്ടികൾക്ക് വിവാഹ പൂർവ്വ കൗൺസിലിംഗ്- മാർഗരേഖയ്ക്ക് വിരുദ്ധം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Naseer (Audit Officer, On 14-02-2022)<br>Last Updated By: T.K.Naseer (Audit Officer, On 22-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Naseer (Audit Officer, On 22-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

30-01-2019 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പരിഷ്കരിച്ചിട്ടില്ല. ബജറ്റ് വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 37448540 |
| വരവ് | 542395965 |
| ആകെ | 579844505 |
| ചെലവ് | 542349965 |
| നീക്കിയിരിപ്പ് | 460000 |

ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് തുക 37448540 രൂപ ഉൾപ്പെടുത്താതെയാണ് നീക്കിയിരുപ്പ് തുക കാണിച്ചിട്ടുള്ളത്. എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് 37494540/- രൂപയാണ് അപാകതകൾ പരിഹരിച്ച് റിവൈസ്ഡ് ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-1-2 ബജറ്റ് -യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്

2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 542395965 | 72156430 |
| തൻവർഷത്തെ ചെലവ് | 542349965 | 82664945 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2020 | 25/6/2020 | - | - |

## 1-2-1 വാർഷിക കണക്ക് -അപാകതകൾ

1. സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ 19-20 വർഷം വരെയുള്ള ഡാറ്റാ എൻട്രി നടത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

2. RP 34 ൽ Contractor's Retention 75140 രൂപയുള്ളതിന്റ സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

3. RP 36 ൽ Other Liabilities ഹെഡിൽ (350100201) Contractor's Control Account 2812531 രൂപയുള്ളതിന്റ സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

4. RP 40 ൽ "Capital Work In Progress "ൽ AEE യുടെ പാർട്ട് ബിൽ ഉൾപ്പെടുന്നില്ല

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ആസ്തി വികസനം സംബന്ധിച്ച് നിർമ്മാണങ്ങൾ കൈമാറിയിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല.
6. എല്ലാ ചെലവുകൾക്കും സാംഖ്യ പേമെന്റ് തയ്യാറാക്കുമ്പോൾ പേമന്റ് ഓഡർ ഫയലിൽ സൂക്ഷിക്കുന്നില്ല.
7. പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി ജില്ലാപഞ്ചായത്തിന് നൽകിയ തുകയുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഷെയർ വാല്യൂ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രി കയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടു വന്നിട്ടില്ല.
8.എല്ലാ ചെലവുകൾക്കും PAYMENT ORDER ഫയലിൽ സൂക്ഷിക്കുന്നില്ല

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 46028299 |
| വരവ് | 72156430 |
| ആകെ | 118184729 |
| ചെലവ് | 82664945 |
| നീക്കിയിരിപ്പ് | 35519784 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 41110000 | 41110000 | 33830180 | 7279820 |
| പ്ലാൻ (SCP) | 0 | 35955000 | 35955000 | 23785463 | 12169537 |
| പ്ലാൻ (TSP) | 0 | 118000 | 118000 | 118000 | 0 |
| റോഡിതരം (MG) | 0 | 5370000 | 5370000 | 1739844 | 3630156 |
| BRGF | 410390 | 13188 | 423578 | 423578 | 0 |
| IWDP | 1601861 | 65150 | 1667011 | 1667011 | 0 |
| IAY (GEN ) | 1258459 | 172275 | 1430734 | 1430734 | 0 |
| IAY(SCP) | 0 | 10000 | 10000 | 10000 | 0 |
| Hariyali | 1601861 | 51479 | 1653340 | 1653340 | 0 |
| TSC | 1307269 | 287374 | 1594643 | 219752 | 1374891 |
| പാലിയേറ്റീവ് | 122541 | 289793 | 412334 | 252409 | 159925 |

(ഓഡിറ്റ് നിർദ്ദേശ പ്രകാരം പ്രവർത്തന ക്ഷമമല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടുണ്ട്)

1-4-1 ഫണ്ട് വിനിയോഗം -2.30 കോടി ലാപ്സായി

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്(%) |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 41110000 | 41110000 | 33830180 | 7279820 | 82%% |
| പ്ലാൻ (SCP) | 0 | 35955000 | 35955000 | 23785463 | 12169537 | 66% |
| പ്ലാൻ (TSP) | 0 | 118000 | 118000 | 118000 | 0 | 100% |
| റോഡിതരം (MG) | 0 | 5370000 | 5370000 | 1739844 | 3630156 | 32% |
| ആകെ | 0 | 82553000 | 82553000 | 59473487 | 23070513 | 72% |

തൻ വർഷം ലഭ്യമാക്കിയ 8.25 കോടി സർക്കാർ ഗ്രാന്റിൽ 5.94 കോടി മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. 2.30 കോടി ലാപ്സായി. ഗ്രാന്റ് വിനിയോഗം കാര്യക്ഷമമാക്കാൻ മോണിട്ടറിങ്

ശക്തിപ്പെടുത്തേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 102424711 | 93 | 59473487 | - | 42 | 58% |

## 1-5-1 പദ്ധതി അവലോകനം-മോണിട്ടറിങ് കാര്യക്ഷമമാക്കണം

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വഹണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 1 | 10250000 | 10088366 | 98% |
| വെറ്റിനറി സർജ്ജൻ | 1 | 1 | 0 | 1400000 | 1400000 | 100% |
| MO (CHC) | 7 | 6 | 1 | 4748219 | 1569639 | 33% |
| CDPO | 14 | 10 | 4 | 5260006 | 3077140 | 59% |
| സെക്രട്ടറി | 19 | 15 | 4 | 20930869 | 19508109 | 93% |
| A.EX.E | 85 | 55 | 30 | 46275645 | 17640564 | 38% |
| SCDO | 4 | 4 | 0 | 11709972 | 6189669 | 53% |
| IEO | 2 | 0 | 2 | 1850000 | 0 | 0% |
| ആകെ | 135 | 93 | 42 | 102424711 | 59473487 | 58% |

തൻ വർഷം അംഗീകാരം ലഭ്യമാക്കിയ 135 പ്രൊജക്ടിൽ 93 എണ്ണം മാത്രം നിർവ്വഹണം നടത്തിയത്. ആകെ അടങ്കൽ 10.24 കോടിയിൽ 5.94 കോടി മാത്രം ചെലവഴിക്കപ്പെട്ടു. പൂർണ്ണ തോതിലുള്ള നിർവ്വഹണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കണം. നിർവ്വഹണോദ്ധ്യോഗസ്ഥൻ വ്യവസായ ഓഫീസർ പ്രൊജക്ടുകൾ ഒന്നും തന്നെ നിർവ്വഹണം നടത്തിയിട്ടില്ല .

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-02-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പ് ഒന്നും തന്നെയില്ല .

.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.02.2021 മുതൽ 04.03.2021 വരെ | 01.04.2019 മുതൽ 31.03.2020 വരെ | 08.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.08.2019 മുതൽ 17.09.2019 വരെ | 2014-15 മുതൽ 2018-19 വരെ | 05.10.2019 |

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമല്ല

ബ്ലോക്ക് പഞ്ചായത്തിൽ രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

. ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
. പ്രൊക്യൂർമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല
. അപ്രൊപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
. രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
. ബജറ്റ് കൂടുതൽ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിച്ചിട്ടില്ല

## 1-10 ഭിന്നശേഷി സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം-മുഴുവൻ തുകക്കുമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ജനറൽ എസ്.സി.പി എന്നീ വിഭാഗങ്ങൾക്കായി ഭിന്നശേഷി സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ തീയതി | ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുക | ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിച്ച തുക |
|---|---|---|---|
| 149/20ഭിന്നശേഷി സ്കോളർഷിപ്പ്-ജനറൽ | 03/20 തീ 17.09.19 തുക 1050000 | കണ്ണാടി-250000 | 250000 |
| | | കുത്തനൂർ-175000 | 175000 |
| | | മാത്തൂർ-175000 | 140200 |
| | | പെരിങ്ങോട്ടുകുർശ്ശി-150000 | 0 |
| | | കുഴൽമന്ദം-150000 | 0 |
| | | തേങ്കുർശി-150000 | 150000 |
| | 06/20 തീ 25.10.19 തുക 12000 | തേങ്കുർശി-12000 | 12000 |
| | ആകെ | 1062000 | 727200 |

| പ്രോജക്ട് | ബിൽ നമ്പർ തീയതി | ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുക | ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിച്ച തുക |
|---|---|---|---|
| 155/20ഭിന്നശേഷി സ്കോളർഷിപ്പ്-എസ്.സി.പി | 07/20 തീ 25.10.19 തുക 500000 | കണ്ണാടി-100000 | 66500 |
| | | കുത്തനൂർ-100000 | 100000 |
| | | മാത്തൂർ-75000 | 74700 |
| | | പെരിങ്ങോട്ടുകുർശ്ശി -75000 | 75000 |
| | | കുഴൽമന്ദം-50000 | 0 |
| | | തേങ്കുർശി-100000 | 100000 |
| | 21/20 തീ 24.03.20 തുക 38000 | തേങ്കുർശി-38000 | 0 |
| | 22/20 തീ 24.03.20 തുക 50000 | കണ്ണാടി-50000 | 0 |

| | | | |
|---|---|---|---|
| | ആകെ | 588000 | 416200 |

എല്ലാ ഗ്രാമപഞ്ചായത്തുകളിൽനിന്നും സമയ ബന്ധിതമായി ധനവിനിയോഗ സാകഷ്യപത്രം ലഭ്യമായിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/16.02.2022) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും , ആയത് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-11 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ബ്ലോക്ക് പഞ്ചായത്ത് വിഹിതം -തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| പ്രൊജക്ട് നം: പേര് | 10/19-പൊതു വിഭാഗം, സാധാരണ വിഹിതം 2019-20 | അടങ്കൽ/ഫണ്ടിനം | 14,00,000(വികസനഫണ്ട്-ജനറൽ) |
|---|---|---|---|
| ചെലവ് | 14,00,000 | ബിൽ നം /തീ: | 1405630103001 തിയ്യതി 08.09.2019 തുക - 6,00,000/- 1405630103002 തിയ്യതി 08.09.2019 തുക -8,00,000/- |
| നിർവ്വഹണോദ്യാഗസ്ഥൻ | | | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ക്ഷീരസംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി നല്കുന്നതിനായി താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം ഇനത്തിൽ 14,00,000/- രൂപ വകയിരുത്തിയതിൽ 2,00,000/- രൂപ വീതം പിൻവലിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയിട്ടുണ്ട്.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | നൽകിയ തുക |
|---|---|---|
| 1 | കോട്ടായി | 2,00,000 |
| 2 | കുത്തനൂർ | 2,00,000 |
| 3 | കുഴൽമന്ദം | 2,00,000 |
| 4 | തേങ്കുറിശ്ശി | 2,00,000 |
| 5 | മാത്തൂർ | 2,00,000 |
| 6 | കണ്ണാടി | 2,00,000 |
| 7 | പെരിങ്ങോട്ടുകുറിശ്ശി | 2,00,000 |

തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനും പദ്ധതി മാർഗ്ഗ രേഖ പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക ക്ഷീര കർഷകന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നല്കുന്ന വിധത്തിൽ (ക്ഷീരവികസന വകുപ്പ് നല്കുന്ന ഒരു രൂപ ഉൾപ്പടെ) പ്രൊജക്ട് വിഭാവനം ചെയ്യാതിരുന്നതിനും കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് റിക്വിസിഷൻ 8/16-02-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും , പ്രോജക്റ്റ് രൂപീകരണത്തിനു മുമ്പായി മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 പാലക്കുഴി ജലവൈദ്യുത പദ്ധതി – ഷെയർ സർട്ടിഫിക്കറ്റ് ലാഭവിഹിതം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രൊജക്ട് നം: | 75/20-പാലക്കുഴി | അടങ്കൽ/ഫണ്ടിനം | 1000000 (പ്ലാൻ |
|---|---|---|---|

| | | | |
|---|---|---|---|
| പേര് | ജലവൈദ്യുത പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം പാലക്കാട് ജില്ലാ പഞ്ചായത്തിന് നൽകൽ | | ജനറൽ ) |
| ചെലവ് | 1000000 | ബിൽ നം /തീ: | 13/24.7.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

പാലക്കുഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിലേക്ക് (അക്കൗണ്ട് നമ്പർ-79901140002200) കൈമാറിയിട്ടുണ്ട് . ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ വിഹിതം നൽകിയ സ്ഥാപനം എന്ന നിലയിൽ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം ലാഭവിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതും നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും ഷെയർ വാല്യൂ ഗ്രാമപഞ്ചായത്ത് വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവരേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/15.2.22) മറുപടിയൊന്നും ഹാജരാക്കിയില്ല. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-13 ഡെപ്പോസിറ്റ് തുകകൾ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്ക് (പ്ലാൻഫണ്ട്) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, പാലക്കാട് എന്ന സ്ഥാപനത്തിലേക്ക് (അക്കൗണ്ട് നമ്പർ-67147990082) പണം മുൻകൂറായി കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമനമ്പർ-1

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 49/20- എറവക്കാട്, വേട്ടവൻപാറ,കണ്ണനൂർ താഴത്തെപുര കുടിവെള്ള പദ്ധതികൾ പൂർത്തീകരണവും പൈപ്പ് ലൈൻ ദീർഘിപ്പിക്കലും വാട്ടർ അതോറിറ്റിക്ക് തുക കൈമാറലും (കുഴൽമന്ദം ഗ്രാമപഞ്ചായത്ത്) | അടങ്കൽ/ഫണ്ടിനം | 500000 (പ്ലാൻ ജനറൽ ) |
| ചെലവ് | 500000 | ബിൽ നം /തീ: | 21/24.8.19 |

ക്രമനമ്പർ-2

| | | | |
|---|---|---|---|
| പ്രൊജക്ട് നം: | 52/20- പുത്തൻകളം, നടുവത്തുപാറ,ആയകുറിശ്ശി | അടങ്കൽ/ഫണ്ടിനം | 500000 (പ്ലാൻ |

| | | | |
|---|---|---|---|
| പേര് | കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കലും വാട്ടർ അതോറിറ്റിക്ക് തുക കൈമാറലും(പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്) | | ജനറൽ ) |
| ചെലവ് | 500000 | ബിൽ നം /തീ: | 22/24.8.19 |

ക്രമനമ്പർ-3

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 53/20- ഒടുവിൻകാട്,വലിയപറമ്പ്, നീളിപറമ്പ്കോളനി, അക്കരപറമ്പ്,പട്ടരുകളം, മാരാരികാട്, മുളയംകുന്ന്, പണ്ടരാക്കാട്,മണ്ണപറമ്പ്,ആണ്ടിശ്ശേരി പറമ്പ് എന്നീ ഭാഗത്തേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കലും വാട്ടർ അതോറിറ്റിക്ക് തുക കൈമാറലും(പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്) | അടങ്കൽ/ഫണ്ടിനം | 1000000 (പ്ലാൻ ജനറൽ -SCP) |
| ചെലവ് | 1000000 | ബിൽ നം /തീ: | 23/24.8.19 |

മേൽ പറഞ്ഞ പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം, പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രം/രേഖാമൂലമുള്ള കത്ത് എന്നിവ ലഭ്യമാക്കിയിട്ടില്ല. ക്രമനമ്പർ 2 ൽ 5 ലക്ഷം രൂപയാണ് ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. എന്നാൽ 5.8.19 ലെ കേരള ജല അതോറിറ്റിയുടെ നമ്പർ KWA/EE/PHD/PKD/D3-BP/General/19 പ്രകാരമുള്ള കത്ത് പ്രകാരം 552000 രൂപയാണ് എസ്റ്റിമേറ്റ് തുക. സർക്കുലർ നമ്പർ ഡി.എ.1/881/2018 ത.സ്വ.ഭ.വ തീയ്യതി 28.12.18 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം.
ക്രമനമ്പർ 3 ൽ ഫീസിബിലിറ്റി സർട്ടിഫിക്കററ് ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ പട്ടിക പ്രകാരം വിനിയോഗ സാക്ഷ്യപത്രങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/15.02.2022) ന് മറുപടിയൊന്നും ഹാജരാക്കിയില്ല

ആയതിനാൽ തുക കൈമാറിയ ഏജൻസികളിൽ നിന്നും, വിനിയോഗിച്ച തുകയുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയും അവശേഷിക്കുന്ന തുക തിരികെ ഈടാക്കുകയും ചെയ്ത് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ലൈഫ് മിഷൻ പദ്ധതി-തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ച പദ്ധതി പണം താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയിട്ടുണ്ട്. ഇത്തരത്തിൽ കൈമാറിയ തുകകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

1)

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 4/20- ലൈഫ് മിഷൻ | അടങ്കൽ/ഫണ്ടിനം | 8362017(പ്ലാൻ ജനറൽ ) |

| | | | |
|---|---|---|---|
| | വിഹിതം 2019-20 (ജനറൽ) | | |
| ചെലവ് | 8362017 | ബിൽ നം /തീ: | പ്രത്യേകം താഴെ ചേർത്തിട്ടുണ്ട്. |
| നിർവ്വഹണോദ്യാഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

| ഗ്രാമപഞ്ചായത്ത് | അക്കൗണ്ട് നം | ലൈഫ് മിഷൻ- ഭവനം- ജനറൽ പ്രകാരം നല്കിയ തുക | ബിൽ നമ്പർ/ തീയ്യതി |
|---|---|---|---|
| കണ്ണാടി ഗ്രാമപഞ്ചായത്ത് | 714051400000011 | 900000 | 6/25.6.19 |
| കോട്ടായി ഗ്രാമപഞ്ചായത്ത് | 799011400001206 | 730610 | 8/29.6.19 |
| മാത്തൂർ ഗ്രാമപഞ്ചായത്ത് | 799011400001207 | 950000 | 12/24.7.19 |
| കുത്തനൂർ ഗ്രാമപഞ്ചായത്ത് | 799011400001515 | 950000 | 15/2.8.19 |
| മാത്തൂർ ഗ്രാമപഞ്ചായത്ത് | 799011400001207 | 750000 | 19/2.8.19 (Total Bill-944000) |
| ബീന | 67238097357 | 90000 | |
| ശശികല | 67371379735 | 24000 | |
| ആയിഷ | 67218316807 | 80000 | |
| മാത്തൂർ ഗ്രാമപഞ്ചായത്ത് | 799011400001207 | 238460 | 25/27.8.19 (Total Bill-910620) |
| പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്ത് | 799011400001584 | 672160 | |
| കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 799011400001692 | 950000 | 24/29.8.19 |
| കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 799011400001692 | 102080 | 27/5.9.19 (Total Bill-526922) |
| കണ്ണാടി ഗ്രാമപഞ്ചായത്ത് | 714051400000011 | 424842 | |
| കുത്തനൂർ ഗ്രാമപഞ്ചായത്ത് | 799011400001515 | 657350 | 26/5.9.19 |

| | | | |
|---|---|---|---|
| ആയിഷ | 67218316807 | 50000 | 31/23.9.19 (Total Bill 842515) |
| കുത്തന്നൂർ ഗ്രാമപഞ്ചായത്ത് | 799011400001515 | 65000 | |
| തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 799011400001666 | 727515 | |
| ആകെ | | 8362017 | |

മേൽപറഞ്ഞ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (4/15.2.22) നൽകിയെങ്കിലും ഹാജരാക്കിയില്ല. മേൽ പറഞ്ഞ പ്രൊജക്ടിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ -ബ്ലോക്ക് വിഹിതം നൽകൽ (SCP) - വിനിയോഗവിവരം ലഭ്യമാക്കിയില്ല.

2019-20 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേന നിർവഹിച്ച ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ (SCP) എന്ന പ്രൊജക്ട് നിർവഹണത്തിനായി ബ്ലോക്ക് പരിധിയിലുള്ള വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇത്തരത്തിൽ കൈമാറിയ തുകകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 5/20-ലൈഫ് മിഷൻ വിഹിതം 2019-20 (SCP) | അടങ്കൽ/ഫണ്ടിനം | 7112000(പ്ലാൻ SCP ) |
| ചെലവ് | 7112000 | ബിൽ നം /തീ: | പ്രത്യേകം താഴെ ചേർത്തിട്ടുണ്ട്. |
| നിർവ്വണോദ്യാഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

| ഗ്രാമപഞ്ചായത്ത് | അക്കൗണ്ട് നം | ലൈഫ് മിഷൻ-ഭവനം-SCP പ്രകാരം നല്കിയ തുക | ബിൽ നമ്പർ/ തീയ്യതി |
|---|---|---|---|
| കുത്തന്നൂർ ഗ്രാമപഞ്ചായത്ത് | 714051400000002 | 900000 | 7/25.6.19 |
| കുത്തന്നൂർ ഗ്രാമപഞ്ചായത്ത് | 714051400000002 | 670540 | 9/29.6.19 |

| | | | |
|---|---|---|---|
| കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 799011400001692 | 453000 | 14/24.7.19 |
| ആറു | 4294001705019451 | 3000 | 20/30.7.19 (Total Bill 212333) |
| പാറു | 4294001705023162 | 68000 | |
| വെള്ള | 4294001705007146 | 84000 | |
| കുള്ളൻ | 4294001705020882 | 57333 | |
| ദേവു | 4337001700089501 | 41333 | 39/31.12.19 (Total Bill-114666) |
| ഗീത.പി | 4337001700092046 | 73333 | |
| ലക്ഷ്മി | 4337001700061204 | 68000 | 44/2.3.20 |
| പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്ത് | 799011400001584 | 1240800 | 46/4.3.20 (Total Bill-4693461) |
| കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 799011400001692 | 647375 | |
| മാത്തൂർ ഗ്രാമപഞ്ചായത്ത് | 799011400001207 | 485530 | |
| കുത്തനൂർ ഗ്രാമപഞ്ചായത്ത് | 799011400001515 | 485530 | |
| കണ്ണാടി ഗ്രാമപഞ്ചായത്ത് | 799011400001316 | 431580 | |
| തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 799011400001666 | 809220 | |
| കോട്ടായി ഗ്രാമപഞ്ചായത്ത് | 799011400001206 | 593426 | |
| ആകെ | | 7112000 | |

മേൽപറഞ്ഞ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (5/15.2.22) നൽകിയെങ്കിലും ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 വയോജനപാർക്കിൽ അടിസ്ഥാനസൗകര്യമൊരുക്കൽ-സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - തുക തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 98/20- വയോജനപാർക്കിൽ അടിസ്ഥാനസൗകര്യമൊരുക്കൽ- സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(SCP) | അടങ്കൽ/ഫണ്ടിനം | 285000 (275000- പ്ലാൻ SCP,10000- തനത് ഫണ്ട് ) |
| ചെലവ് | 232100 (പ്ലാൻ SCP) | ബിൽ നം /തീ: | 11/15.7.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

കുളവൻമുക്കിലുള്ള വയോജനപാർക്കിൽ സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം. ഇതിനു വേണ്ടി 232100 രൂപ SCP ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മോഡൽ 4

സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റ് -600 വാട്ട് 5 വർഷം വാറണ്ടിയുള്ള 3072 Wh Lithium Ferro Phosphate ബാറ്ററി 24 W 4 Set Octagonal Height 6 M ഇതാണ് മിനി ഹൈമാസ്റ്റ് ലൈറ്റിന്റെ സ്പെസിഫിക്കേഷൻ. പ്രസ്തുത പ്രൊജക്ടിന് ടെണ്ടർ വിളിക്കാൻ വേണ്ടി തയ്യാറാക്കിയ ദർഘാസ് പരസ്യത്തിന്റെ തീയ്യതി 16.2.19 ഉം ദർഘാസ് ഫോറം സ്വീകരിക്കുന്ന തീയ്യതി 25.2.19 ഉം ആണ്. ടെണ്ടറിൽ 2 സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറവ് തുക (232100) ക്വാട്ട് ചെയ്ത Ecomate Energy Solutions,MC Road,Perumbavur എന്ന സ്ഥാപനവുമായി കരാർ ഉറപ്പിക്കുകയും താഴെ പറയുന്ന ബിൽ പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നമ്പർ-67212892163)

ഇൻവോയ്സ് നമ്പർ -EES/2018-19/A-226

| Item | Quantity | Amount | Total |
|---|---|---|---|
| Solar LED Street Light | 1 | 221048 | 221048.00 |
| SGST | | | 5526.19 |
| CGST | | | 5526.19 |
| TOTAL | | | 232100.00 |

പ്രസ്തുത പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2) സ.ഉ(പി) നം.259/2010 ത.സ്വ.ഭ.വ തീയ്യതി 8.11.10 പ്രകാരം 100000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങളാണ് ബാധകം. ആയത് പ്രകാരം വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാള ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. ടെണ്ടർ ഫോറത്തിന്റെ വിൽപ്പന പരസ്യ തീയ്യതി മുതൽ 21 ദിവസം നൽകേണ്ടതാണ്. ഇവിടെ 10 ദിവസം മാത്രമാണ് നൽകിയിട്ടുള്ളത്.

3) പൂർത്തീകരണ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് എന്നിവ ഹാജരാക്കിയിട്ടില്ല.

4) പ്രസ്തുത വാങ്ങലിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ല.
5)പഞ്ചായത്ത് അനുമതി പത്രം ലഭ്യമാക്കിയിട്ടില്ല,സ്ഥലം പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ടുള്ളതാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/16.2.22) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 232100 രൂപ തടസ്സപ്പെടുത്തുന്നു.

1-17 ചേരാകുളങ്ങര അമ്പലം പരിസരം സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -തുക തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 96/20- ചേരാകുളങ്ങര അമ്പലം പരിസരം സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | അടങ്കൽ/ഫണ്ടിനം | 285000 (193980-പ്ലാൻ ജനറൽ ,91020-തനത് ഫണ്ട് ) |
| ചെലവ് | 193980 (പ്ലാൻ ജനറൽ) | ബിൽ നം /തീ: | 10/10.7.19 |
| | 76020 (GPG) | | Account Transfer |
| നിർവ്വഹണോദ്യോഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്തിലെ ചേരാകുളങ്ങര അമ്പലം പരിസരം സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം. അക്ഷയ ഊർജ്ജിത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായകമായ വിവരങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അനർട്ട് എംപാനൽ ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്ന് മത്സരാധിഷ്ഠിത ടെണ്ടർ

അടിസ്ഥാനത്തിൽ താഴെ പറയുന്ന സ്പെസിഫിക്കേഷനോടു കൂടിയുള്ള സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മോഡൽ 4 സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റ് -600 വാട്ട് 5 വർഷം വാറണ്ടിയുള്ള 3072 Wh Lithium Ferro Phosphate ബാറ്ററി 24 W 4 Set Octagonal Height 6 M. പ്രസ്തുത പ്രൊജക്ടിന് ടെണ്ടർ വിളിച്ചതിൽ 2 സ്ഥാപനങ്ങൾ പങ്കെടുക്കത്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.(opened On 17.1.19)

| സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത തുക | റിമാർക്സ് |
|---|---|---|
| ഒ അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് തിരുവനന്തപുരം | 275000 | തുക നെഗോഷ്യേറ്റ് ചെയ്യുന്നതിനായി 19.1.19 ന് 2 സ്ഥാപനങ്ങളോടും കത്തയച്ചിരുന്നുവെങ്കിലും സൈൻ ലാബ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് പാലക്കാട് എന്ന സ്ഥാപനം മാത്രമാണ് ഹാജരായത്.അവർ 270000 രൂപക്ക് Work ഏറ്റെടുക്കാമെന്ന് അറിയിച്ചു. |
| സൈൻ ലാബ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് പാലക്കാട് | 280000 | |

ടെണ്ടറിൽ 2 സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറവ് തുക (270000) ക്വാട്ട് ചെയ്ത സൈൻ ലാബ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്,പാലക്കാട് എന്ന സ്ഥാപനവുമായി കരാർ ഉറപ്പിക്കുകയും താഴെ പറയുന്ന ബിൽ പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നമ്പർ-2380201000110)

ഇൻവോയ്സ് നമ്പർ -R:176/14.3.19

| Item | Quantity | Amount | Total |
|---|---|---|---|
| Solar LED Street Light | 1 | 241073.43 | 241073.43 |
| SGST | | | 14464.29 |
| CGST | | | 14464.29 |
| TOTAL | | | 270000.00 |

പ്രസ്തുത പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പൂർത്തീകരണ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് എന്നിവ ഇല്ല

2) പ്രസ്തുത വാങ്ങലിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ല.

3)പഞ്ചായത്ത് അനുമതി പത്രം,സ്ഥലം പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ടുള്ളതാണെന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല

4) പ്രൊജക്ട് നം:98/20 പ്രകാരം ഇതേ സ്പെസിഫിക്കേഷനോടുകൂടി ഹൈമാസ്റ്റ് സ്ഥാപിച്ചത് 232100 / രൂപ നിരക്കിലാണ്. ഒരു വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രൊജക്ടുകളുടെ ആവശ്യകതക്കനുസരിച്ച് ടെണ്ടർ വിളിച്ചിരുന്നുവെങ്കിൽ 38000 രൂപ ഈയിനത്തിൽ ലാഭിക്കാമായിരുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/16.02.22) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 270000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 പദ്ധതി നിർവ്വഹണം മോണിറ്ററിംഗ്-ചെലവ് രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

| പ്രൊജക്ട് നം: പേര് | 94/20-പദ്ധതി മോണിറ്ററിംഗ് | അടങ്കൽ/ഫണ്ടിനം | 48880 (പ്ലാൻ ജനറൽ ) |
|---|---|---|---|
| ചെലവ് | 30710 | ബിൽ നം /തീ: | 3/20.6.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് |

| | | സെക്രട്ടറി |
|---|---|---|

പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് എന്ന പ്രൊജക്ട് സംബന്ധിച്ച ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (13/17.2.22) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 30710 രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 മരാമത്ത് -റീടെൻഷൻ തിരികെ നൽകൽ രേഖകൾ ഹാജരാക്കിയിട്ടില്ല

സാമ്പത്തിക വർഷത്തിൽ താഴെ പറയും പ്രകാരംം കോൺട്രാക്ടർമാർക്ക് റിറ്റെൻഷൻ തുകകൾ തിരികെ നൽകിയിട്ടുണ്ട്.

| ചെക്ക് നമ്പർ/തീയ്യതി | തുക |
|---|---|
| 1842771/8.8.19 | 14309 |
| 1842792/6.12.19 | 8698 |
| 1842793/6.12.19 | 7888 |
| 1842794/6.12.19 | 10137 |

ആയതിലൊന്നും വർക്ക് ബില്ലിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി വെച്ചിട്ടില്ല. ആയതിനാൽ തിരികെ നൽകിയ തുകയുടെ ആധികാരികത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം:18/22.2.22 ). റീടെൻഷൻ തുകകൾ തിരികെ നൽകുന്നതിന് മുമ്പ് രേഖകൾ അസി.എഞ്ചിനീയർ കൃത്യമായി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-20 കുടിവെള്ള പദ്ധതികൾ -പൂർത്തീകരിച്ചവ പഞ്ചായത്തുകൾക്ക് രേഖാമൂലം കൈമാറിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത കുടിവെള്ള വിതരണ പദ്ധതികളുടെ പ്രൊജക്ടുകൾ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഏറ്റെടുത്തു നടത്തിയതിന്റെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുന്നത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2.ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ സമ്മത പത്രം ലഭ്യമാക്കിയിട്ടില്ല

3. പദ്ധതി പൂർത്തീകരിച്ചത് രേഖാമൂലം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല. 2019-20 ൽ നിർവ്വഹണം നടത്തിയ കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക് നം: പേര് | അടങ്കൽ | ചെലവ് | ബിൽനം/തീ: |
|---|---|---|---|---|
| 1 | 148/20 ചെമ്മണംപറമ്പ് കുടിവെള്ള പദ്ധതി -പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -(കുഴൽമന്ദം ) സ്പിൽ ഓവർ | 500000 | 405677 | 22/20 തീ.29.06.19 |
| 2 | 126/20 ചാത്രൻകാട് കുടിവെള്ള പദ്ധതി (കുഴൽമന്ദം ) സ്പിൽ ഓവർ | 500000 | 421846 | 21/20- തീ.21.06.19 |
| 3 | 138/20 പാങ്ങോട് കുടിവെള്ള പദ്ധതി-(കണ്ണാടി സ്പിൽ ഓവർ | 500000 | 273085 | 15/20തീ.29.06.2019 |
| 4 | 123/20 പട്ടിയംകോണം-ചെന്നക്കോട് കുടിവെള്ള പദ്ധതി- | 500000 | 432805 | 17/20തീ.29.06.2019 |

| | | | | |
|---|---|---|---|---|
| | (കുഴൽമന്ദം )സ്പിൽ ഓവർ | | | |
| 5 | 114/20 മഞ്ഞക്കാലായപറമ്പ് കുടിവെള്ള പദ്ധതി- (കുത്തന്നൂർ) സ്പിൽ ഓവർ | 500000 | 435772 | 18/20തീ.29.06.2019 |
| 6 | 137/20 മന്ദം- കമ്പളത്തറ കുടിവെള്ള പദ്ധതി- (കണ്ണാടി) സ്പിൽ ഓവർ | 500000 | 423949 | 03/20തീ.29.06.2019 |
| 7 | 125/20 കളത്തിൽപടി കുടിവെള്ള പദ്ധതി- (കുഴൽമന്ദം) സ്പിൽ ഓവർ | 500000 | 426258 | 05/20തീ.29.06.2019 |
| 8 | 119/20 വയറക്കാട് കുടിവെള്ള പദ്ധതി- (മാത്തൂർ) സ്പിൽ ഓവർ | 500000 | 270351 | 06/20തീ.29.06.2019 |
| 9 | 129/20 പൂളക്കുന്ന് കുടിവെള്ള പദ്ധതി – – (തേങ്കുർശ്ശി ) സ്പിൽ ഓവർ | 500000 | 420584 | 61/20 തീ.13.01.20 |
| 10 | 112/20 വല്യപറമ്പ്- ചാലക്കോട് കുടിവെള്ള പദ്ധതി- (കുത്തന്നൂർ) സ്പിൽ ഓവർ | 500000 | 435772 | 11/20തീ.29.06.2019 |
| 11 | 113/20 വടക്കുമുറി കോളനി കുടിവെള്ള പദ്ധതി- (കുത്തന്നൂർ) സ്പിൽ ഓവർ | 500000 | 426721 | 23/20തീ.29.06.2019 |
| 12 | 117/20 പെരിയപാലം കുടിവെള്ള പദ്ധതി – – (മാത്തൂർ ) സ്പിൽ ഓവർ | 500000 | 124600 | 77/20 തീ. 03.03.20 |
| 13 | 139/20 മുതുകാട് കുടിവെള്ള പദ്ധതി (കണ്ണാടി )- സ്പിൽ ഓവർ | 500000 | 416172 | 35/20തീ.17.10.19 |
| 14 | 118/20 കൊണ്ടിയംപുറം കുടിവെള്ള പദ്ധതി (മാത്തൂർ)- സ്പിൽ ഓവർ | 500000 | 371618 | 42/20തീ.13.11.19 |
| 15 | 131/20 മുല്ലരിതൊടി കുടിവെള്ള പദ്ധതി – (കോട്ടായി ) സ്പിൽ ഓവർ | 500000 | 424700 | 57/20 തീ.13.01.20 |
| 16 | 133/20 പനങ്കര ലക്ഷം വീട് കുടിവെള്ള പദ്ധതി – (കോട്ടായി ) സ്പിൽ ഓവർ | 750000 | 482060 | 84/20 തീ.30.03.20 |

| | | | | |
|---|---|---|---|---|
| 17 | 124/20 അമ്പാട് മെഡിക്കൽ കോളനി കുടിവെള്ള പദ്ധതി - (കുഴൽമന്ദം ) സ്പിൽ ഓവർ | 500000 | 429763 | 8/20 തീ.29.06.2019 |

കുടിവെള്ള പദ്ധതികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ബ്ലോക്ക് മീറ്റിംഗ് ഹാളിൽ എ.സി,പ്രോജക്ടർ എന്നിവ സ്ഥാപിക്കൽ - പ്രോക്യൂർമെന്റ് മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ ബ്ലോക്ക് മീറ്റിംഗ് ഹാളിൽ ഏ.സി, പ്രോജക്ടർ എന്നിവ സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ ഭാഗമായി ക്വട്ടേഷൻ മുഖാന്തിരം മീറ്റിംഗ് ഹാളിൽ 2 എയർ കണ്ടീഷണർ (1.5 Ton Inverter A/c) സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 143/20 ബ്ലോക്ക് മീറ്റിംഗ് ഹാളിൽ ഏ.സി,പ്രോജക്ടർ എന്നിവ സ്ഥാപിക്കൽ -സ്പിൽ ഓവർ |
| അടങ്കൽ | 276367 രൂപ -വികസന ഫണ്ട് |
| ബിൽ നം. | 10/20 തീയതി 29.06.19 തുക 99600 |
| സപ്ലെയർ | ഉദയപ്രകാശ് |
| ഇൻവോയ്സ് | 01/ തീയതി ഇല്ല- 49800 രൂപ<br>02/തീയതി ഇല്ല- 49800 രൂപ<br>ആകെ 99600 രൂപ |

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള സബ്സിഡി മാർഗരേഖയിൽ, വാങ്ങലുകളിൽ സ.ഉ (പി) നം.259/2010/ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും, 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ജി.ഒ (പി) നം.7/2019/എസ്.പി.ഡി 26-4-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ.19.3 ൽ ഭേദഗിത വരുത്തുകയും 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള, GeM ലഭ്യമായ സാധനങ്ങളുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E-Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്, എന്നാൽ ആയത് പരിശോധിച്ചിട്ടില്ല. എ.സി യുടെ വാറണ്ടി കാലാവധി, വില്പനാനന്തര സേവനം എന്നിവ ഉറപ്പാക്കിയിട്ടില്ല. പ്രോക്യൂർമെന്റ് മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/22.02.2022) GeM ൽ സാങ്കേതിക കാരണങ്ങളാൽ ആക്സസ് ലഭിക്കാത്തതിനാലും, പ്രവൃത്തി പൂർത്തീകരിക്കുന്നതിനും വേണ്ടിയാണ് ക്വട്ടേഷൻ മുഖാന്തിരം

വാങ്ങിയതെന്നും, ഭാവിയിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ നിബന്ധനകളും പാലിച്ച മാത്രമേ വാങ്ങലുകൾ നടത്തുകയുള്ളു എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ,സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ നിബന്ധനകളും പാലിച്ച് വാങ്ങലുകൾ നടത്തേണ്ടതാണ്.

1-22 മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെ ബിൽ അനുവദിച്ചതായി കണ്ടെത്തി. ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം കോൺട്രാറിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്

| ക്രമ നം (1) | പ്രവൃത്തിയുടെ വിവരം | 148/20 ചെമ്മണംപറമ്പ് കുടിവെള്ള പദ്ധതി -പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - (കുഴൽമന്ദം ) സ്പിൽ ഓവർ | | |
|---|---|---|---|---|
| 1 | അടങ്കൽ - | 500000-(വികസന ഫണ്ട്) | | |
| 2 | APAC- | 399150 | | |
| 3 | കരാറുകാരൻ - | ശ്രീ.ഫാസിൽ.എച്ച് | | |
| 4 | എഗ്രിമെന്റ് നം.: | 21/AEE/KBP/18-19/06.09.2018 | | |
| 5 | പാർട്ട് ബിൽ തുക(2018-19) | 313567 | | |
| 6 | ബിൽ നം. | 22/20 തീ.29.06.19 തുക :92110 | | |
| 7 | എം.ബുക്ക് നം. | :118/17-18 | | |
| 8 | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടയിരുന്ന പിഴ (1%) |
| | 8.8.2018 | 01.09.2018 | 6.9.2018 | 3991 |

| ക്രമ | പ്രവൃത്തിയുടെ | 126/20 ചാത്രൻകാട് കുടിവെള്ള പദ്ധതി |
|---|---|---|

| നം (2) | വിവരം | (കുഴൽമന്ദം ) സ്പിൽ ഓവർ | | |
|---|---|---|---|---|
| 1 | അടങ്കൽ - | 500000-(വികസന ഫണ്ട്) | | |
| 2 | APAC- | 404660 | | |
| 3 | കരാറുകാരൻ - | ഷെയ്ക്ക് അബ്ദുൾ ഖാദർ.എം | | |
| 4 | എഗ്രിമെന്റ് നം.: | 27/AEE/KBP/18-19/06.09.2018 | | |
| 5 | പാർട്ട് ബിൽ തുക(2018-19) | 408266 | | |
| 6 | ബിൽ നം. | 21/20 21.06.19 13580 രൂപ | | |
| 7 | എം.ബുക്ക് നം. | 135/17-18 | | |
| 8 | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടയിരുന്ന പിഴ (1%) |
| | 8.8.2018 | 01.09.2018 | 6.9.2018 | 4046 |

| ക്രമ നം (3) | പ്രവൃത്തിയുടെ വിവരം | 138/20 പാങ്ങോട് കുടിവെള്ള പദ്ധതി - (കണ്ണാടി സ്പിൽ ഓവർ | | |
|---|---|---|---|---|
| 1 | അടങ്കൽ - | 500000-(വികസന ഫണ്ട്) | | |
| 2 | APAC- | 412600 | | |
| 3 | കരാറുകാരൻ - | ഷെഫീക്ക്.എൻ.എം | | |
| 4 | എഗ്രിമെന്റ് നം.: | 11/ AEE/KBP/18-19/06.09.2018 | | |
| 5 | പാർട്ട് ബിൽ തുക(2018-19) | 259090 | | |
| 6 | ബിൽ നം. | 15/20 തീ.29.06.2019 തുക :13995 | | |
| 7 | എം.ബുക്ക് നം. | 86/17-18 | | |
| 8 | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടയിരുന്ന പിഴ (1%) |
| | 8.8.2018 | 01.09.2018 | 6.9.2018 | 4126 |

| ക്രമ നം (4) | പ്രവൃത്തിയുടെ വിവരം | 123/20 പട്ടിയംകോണം -ചെന്നക്കോട് കുടിവെള്ള പദ്ധതി -(കുഴൽമന്ദം )സ്പിൽ ഓവർ | | |
|---|---|---|---|---|
| 1 | അടങ്കൽ - | 500000-(വികസന ഫണ്ട്) | | |
| 2 | APAC- | 404660 | | |
| 3 | കരാറുകാരൻ - | ഷെയ്ക്ക് അബ്ദുൾ ഖാദർ.എം | | |
| 4 | എഗ്രിമെന്റ് നം.: | 29/ AEE/KBP/18-19/06.09.2018 | | |
| 5 | പാർട്ട് ബിൽ തുക(2018-19) | 411843 | | |
| 6 | ബിൽ നം. | 17/20 തീ.29.06.2019 തുക :20962 | | |
| 7 | എം.ബുക്ക് നം. | 133/17-18 | | |
| 8 | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടയിരുന്ന പിഴ (1%) |
| | 8.8.2018 | 01.09.2018 | 6.9.2018 | 4046 |

| ക്രമ നം (5) | പ്രവൃത്തിയുടെ വിവരം | 114/20 മഞ്ഞക്കാലായപറമ്പ് കുടിവെള്ള പദ്ധതി- (കുത്തന്നൂർ) സ്പിൽ ഓവർ | | |
|---|---|---|---|---|
| 1 | അടങ്കൽ - | 500000-(വികസന ഫണ്ട്) | | |
| 2 | APAC- | 404660 | | |
| 3 | കരാറുകാരൻ - | ഫ്രാങ്ക്ളിൻ ജോസ് | | |
| 4 | എഗ്രിമെന്റ് നം.: | 24/ AEE/KBP/18-19/06.09.2018 | | |
| 5 | പാർട്ട് ബിൽ തുക(2018-19) | 407950 | | |
| 6 | ബിൽ നം. | 18/20തീ.29.06.2019 തുക 27822 | | |
| 7 | എം.ബുക്ക് നം. | 131/17-18 | | |
| 8 | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടയിരുന്ന പിഴ (1%) |

| | | | | |
|---|---|---|---|---|
| | | തിയതി | | |
| | 8.8.2018 | 01.09.2018 | 6.9.2018 | 4046 |

| ക്രമ നം (6) | പ്രവൃത്തിയുടെ വിവരം | 137/20 മന്ദം-കമ്പളത്തറ കുടിവെള്ള പദ്ധതി- (കണ്ണാടി) സ്പിൽ ഓവർ | | |
|---|---|---|---|---|
| 1 | അടങ്കൽ - | 500000-(വികസന ഫണ്ട്) | | |
| 2 | APAC- | 412600 | | |
| 3 | കരാറുകാരൻ - | ഷെഫീക്ക്.എൻ.എം | | |
| 4 | എഗ്രിമെന്റ് നം.: | 12/AEE/KBP/18-19/06.09.2018 | | |
| 5 | പാർട്ട് ബിൽ തുക(2018-19) | 380306 | | |
| 6 | ബിൽ നം. | 03/20തീ.29.06.2019 തുക 43643 | | |
| 7 | എം.ബുക്ക് നം. | 116/17-18 | | |
| 8 | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടയിരുന്ന പിഴ (1%) |
| | 8.8.2018 | 01.09.2018 | 6.9.2018 | 4126 |

| ക്രമ നം (7) | പ്രവൃത്തിയുടെ വിവരം | 125/20 കളത്തിൽപടി കുടിവെള്ള പദ്ധതി - (കുഴൽമന്ദം) സ്പിൽ ഓവർ | | |
|---|---|---|---|---|
| 1 | അടങ്കൽ - | 500000-(വികസന ഫണ്ട്) | | |
| 2 | APAC- | 404660 | | |
| 3 | കരാറുകാരൻ - | ഷെയ്ക്ക് അബ്ദുൾ ഖാദർ.എം | | |
| 4 | എഗ്രിമെന്റ് നം.: | 26/AEE/KBP/18-19/06.09.2018 | | |
| 5 | പാർട്ട് ബിൽ തുക(2018-19) | 406630 | | |
| 6 | ബിൽ നം. | 05/20 തീ.29.06.2019തുക 19628 | | |
| 7 | എം.ബുക്ക് നം. | 130/17-18 | | |
| 8 | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടയിരുന്ന പിഴ (1%) |

| | | | | |
|---|---|---|---|---|
| | | വെക്കേണ്ട അവസാന തിയതി | | |
| | 8.8.2018 | 01.09.2018 | 6.9.2018 | 4046 |

| ക്രമ നം (8) | പ്രവൃത്തിയുടെ വിവരം | 119/20 വയറക്കാട് കുടിവെള്ള പദ്ധതി - (മാത്തൂർ) സ്പിൽ ഓവർ | | |
|---|---|---|---|---|
| 1 | അടങ്കൽ - | 500000-(വികസന ഫണ്ട്) | | |
| 2 | APAC- | 409900 | | |
| 3 | കരാറുകാരൻ - | ഷെഫീക്ക്.എൻ.എം | | |
| 4 | എഗ്രിമെന്റ് നം.: | 7/AEE/KBP/18-19/06.09.2018 | | |
| 5 | പാർട്ട് ബിൽ തുക(2018-19) | 267026 | | |
| 6 | ബിൽ നം. | 06/20തീ.29.06.2019 തുക 3325 | | |
| 7 | എം.ബുക്ക് നം. | 138/17-18 | | |
| 8 | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടയിരുന്ന പിഴ (1%) |
| | 8.8.2018 | 01.09.2018 | 6.9.2018 | 4099 |

| ക്രമ നം (9) | പ്രവൃത്തിയുടെ വിവരം | 147/20 ചെമ്മണാംപറമ്പ് കോളനി റോഡ് സൈഡ് സംരക്ഷണം ( കുഴൽമന്ദം ) സ്പിൽ ഓവർ | | |
|---|---|---|---|---|
| 1 | അടങ്കൽ - | 500000-(വികസന ഫണ്ട്) | | |
| 2 | APAC- | 414659 | | |
| 3 | കരാറുകാരൻ - | എ.ജഗദീഷ് | | |
| 4 | എഗ്രിമെന്റ് നം.: | 30/AEE/KBP/18-19/06.09.2018 | | |
| 5 | പാർട്ട് ബിൽ തുക(2018-19) | 100820 | | |
| 6 | ബിൽ നം. | 07/20തീ.29.06.2019 തുക 319572 | | |
| 7 | എം.ബുക്ക് നം. | 66/17-18 | | |
| 8 | ടെണ്ടർ | പിഴ | എഗ്രിമെന്റ് | ഈടാക്കേണ്ടയിരുന്ന |

| | | | | |
|---|---|---|---|---|
| | അംഗീകരിച്ച തിയതി | കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | വെച്ച തിയതി | പിഴ (1%) |
| | 8.8.2018 | 01.09.2018 | 6.9.2018 | 4146 |

| ക്രമ നം (10) | പ്രവൃത്തിയുടെ വിവരം | 129/20 പൂളക്കുന്ന് കുടിവെള്ള പദ്ധതി - - (തേങ്കുർശ്ശി ) സ്പിൽ ഓവർ | | |
|---|---|---|---|---|
| 1 | അടങ്കൽ - | 500000-(വികസന ഫണ്ട്) | | |
| 2 | APAC- | 411550 | | |
